AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
FARM INFORMATION BUREAU
THIRUVANANTHAPURAM

# Press Release

PR . 138/2019 03.09.2019

## കൃഷിഭവനുകൾ സ്മാർട്ട് ഓഫീസുകളാക്കും – കൃഷിമന്ത്രി

സംസ്ഥാനത്തെ മുഴുവൻ കൃഷിഭവനുകളും അടുത്ത വർഷം അവസാനത്തിനകം സ്മാർട്ട് ഓഫീസുകളാക്കി മാറ്റും. കൃഷിവകുപ്പ് പൂർണ്ണമായി മാർച്ച് 2020-നകം ഇ-ഓഫീസ് സംവാധാനത്തിലേക്ക് മാറുകയാണ്. അതുപോലെ അടുത്ത ഡിസംബറിന് മുമ്പായി തീർപ്പാക്കാതെ കിടക്കുന്ന മുഴുവൻ ഫയലുകളും ഒത്തുതീർപ്പാക്കുകയും ചെയ്യുമെന്ന് കൃഷിമന്ത്രി വി.എസ്.സുനിൽകുമാർ അഭിപ്രായപ്പെട്ടു. കൃഷി വകുപ്പിലെ തിരുവനന്തപുരം നിശാഗന്ധി ഓഡിറ്റോറിയത്തിൽ സംഘടിപ്പിച്ച ഏകദിന ശില്പശാല മിഷൻ 2020 ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം.

കർഷകരുടെ സേവനമാണ് മന്ത്രി ഉൾപ്പെടെ വകുപ്പിലുള്ള സകല ജീവനക്കാരുടെയും പ്രഥമ കർത്തവ്യമെന്ന് സുനിൽകുമാർ പറഞ്ഞു. കർഷകരാണ് നമ്മുടെ യജമാനൻമാർ. അവരുടെ ഉന്നമനം മാത്രമായിരിക്കണം ലക്ഷ്യം. അഴിമതിക്കാരെ വകുപ്പിൽ വച്ചുപൊറുപ്പിക്കുകയില്ല. പൊതുവെ അഴിമതി കുറഞ്ഞ വകുപ്പാണ് കൃഷിവകുപ്പ്. എന്നാൽ അങ്ങും ഇങ്ങും മാറിതിരിഞ്ഞ് പ്രത്യക്ഷപ്പെടുന്ന അഴിമതിക്കാരുണ്ട്താനും. ഇത്തരക്കാരെ വകുപ്പിന് ആവശ്യമില്ല.

പ്രളയശേഷം ദ്രുതഗതിയിലുള്ള അതിജീവന നടപടികൾ കൈക്കൊള്ളുവാൻ ജീവനക്കാരുടെ ആത്മാർത്ഥമായ സഹകരണം കൊണ്ട് വകുപ്പിന് സാധിച്ചിട്ടുള്ളതായും മന്ത്രി അറിയിച്ചു. പ്രളയ നാശനഷ്ടങ്ങളുടെ കണക്ക് അതാതുദിവസം തന്നെ റിപ്പോർട്ട് ചെയ്ത് ശേഖരിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. അതിശയകരമായ തിരിച്ചുവരവ് കാർഷികമേഖലയിൽ കൈവരിക്കുവാൻ കഴിയുമെന്നാണ് വിശ്വാസമെന്നും മന്ത്രി പറഞ്ഞു. പ്രതികൂല സാഹചര്യത്തിലും സംസ്ഥാനത്തിന്റെ കാർഷിക വളർച്ച 3.64 നിരക്കിലെത്തുവാൻ സാധിച്ചത് അഭിമാനാർഹമായ നേട്ടം തന്നെയാണ്.

ഉദ്ഘാടന സമ്മേളനത്തെ തുടർന്ന് ജീവനക്കാർക്ക് വിവിധ വിഷയങ്ങളെ ആസ്പദമാക്കിയുള്ള ചർച്ചക്ലാസുകളും നടന്നു. കൃഷിവകുപ്പ് ഡയറക്ടർ ഡോ. രത്തൻ.യു.ഖേൽകർ ചടങ്ങിന് സ്വാഗതം പറഞ്ഞു. കാർഷികോത്പാദന കമ്മീഷണർ ഡോ. ദേവേന്ദ്രകുമാർ സിംഗ് ഐ.എ.എസ് ചടങ്ങിന് അദ്ധ്യക്ഷത വഹിച്ചു. കൃഷിവകുപ്പ് - അനുബന്ധ പൊതുമേഖലാ സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥർ എന്നിവരും ചടങ്ങിൽ സംബന്ധിച്ചു.

**പ്രിൻസിപ്പൽ ഇൻഫർമേഷൻ ഓഫീസർ**